

കാലിക്കറ്റ് സർവകലാശാലയിൽ 'സി.എച്ച്. മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിങ് സൊസൈറ്റീസ്' കേന്ദ്രമന്ത്രി ഇ. അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. പി.എ. ഇബ്രാഹിം ഹാജി, പി.വി. അബ്ദുൽ വഹാബ്, പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ, എം.പി. വീരേന്ദ്രകുമാർ, മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, പി.കെ. അബ്ദുറബ്ബ്, എം.കെ. മുനീർ, മുസ്‌ലിം ലീഗ് സംസ്ഥാന നേതാക്കളായ കെ.എൻ.എ. ഖാദർ എംഎൽഎ, കെ.പി.എ. മജീദ് എന്നിവരെയും കാണാം.

# സർവകലാശാലകൾക്ക് 12–ാം പഞ്ചവൽസര പദ്ധതിയിൽ സഹായം നൽകും: കേന്ദ്രമന്ത്രി

തേഞ്ഞിപ്പലം: കാലിക്കറ്റ് അടക്കം കേരളത്തിലെ എല്ലാ സർവകലാശാലകൾക്കും 12-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് കൂടുതൽ സഹായധനം അനുവദിക്കുമെന്ന് കേന്ദ്രമന്ത്രി ഇ. അഹമ്മദ്.

കാലിക്കറ്റ് സർവകലാശാലയിൽ സി.എച്ച്. മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിങ് സൊസൈറ്റീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആറു മാസം കഴിഞ്ഞ് തുടങ്ങുന്ന 12-ാം പദ്ധതിക്കാലത്ത് സംസ്ഥാന വിദ്യാഭ്യാസ മേഖലയ്ക്ക് സഹായധനം വർധിപ്പിക്കണമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്. സിഎച്ചിന്റെ സുഹൃത്തും സഹപ്രവർത്തകനും ശിഷ്യനുമായിരുന്നു താൻ. സിഎച്ചിനുവേണ്ടി സർക്കാരും യുജിസിയും സഹായങ്ങൾ ചെയ്യുമെന്നും ഇ. അഹമ്മദ് പറഞ്ഞു.

## ഒന്നരക്കോടിയുടെ സഹായ വാഗ്ദാനം

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലയിൽ ഇന്നലെ ഉദ്ഘാടനം ചെയ്ത സി.എച്ച്. ചെയറിന് ഒന്നരക്കോടി രൂപയുടെ , സഹായധന വാഗ്ദാനം.

നമ്മുടെ സംസ്കാരവും പശ്ചിമേഷ്യയിലെ സാങ്കേതികത്തികവും സമന്വയിപ്പിച്ച് വരും തലമുറയെ നേർവഴിക്കു നയിക്കാൻ ഉതകുമാറ് സിഎച്ച് ചെയർ ഗവേഷണം നടത്തുന്നപക്ഷം ഒരുകോടി രൂപ നൽകാമെന്നാണ് വ്യവസായ പ്രമുഖൻ ഡോ. പി.എ. ഇബ്രാഹിം ഹാജിയുടെ പ്രഖ്യാപനം. ചടങ്ങിൽ ആശംസാപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

ഗവേഷകർക്ക് ഫെലോഷിപ്പിനായുള്ള എൻഡോവ്മെന്റിനുവേണ്ടി അഞ്ചുപേർ പ്രഖ്യാപിച്ചതാണ് 50 ലക്ഷം രൂപ. ഓരോരുത്തരും 10 ലക്ഷം രൂപ വീതമാണ് നൽകുക. എൻഡോവ്മെന്റ് സ്വീകരണം മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി നിർവഹിച്ചു. പി.എം. ആലിക്കുട്ടി ഹാജി എൻഡോവ്മെന്റ് വിഹിതം പി.എം. മുഹമ്മദലി ബാബു മന്ത്രിക്കു കൈമാറി.

സിഎച്ചിന്റെ യാത്ര, പ്രഭാഷണം, സഞ്ചാരസാഹിത്യം എന്നീ പുസ്തകങ്ങൾ ചടങ്ങിൽ പ്രകാശനം ചെയ്തു.

സിഎച്ച് ചെയറിന്റെ പ്രായോജക ട്രസ്റ്റായ ഗ്രേസ് എജ്യുക്കേഷനൽ അസോസിയേഷന്റെ ചെയർമാൻകൂടിയായ പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ അധ്യക്ഷനായിരുന്നു.

മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, പി.കെ. അബ്ദുറബ്ബ്, എം.കെ. മുനീർ, വിസി ഡോ. എം. അബ്ദുൽ സലാം, എം.കെ. രാഘവൻ എംപി, കെ.എൻ.എ. ഖാദർ എംഎൽഎ, കെ.പി.എ. മജീദ്, എം.പി. വീരേന്ദ്രകുമാർ, പി.വി. അബ്ദുൽ വഹാബ്, ഡോ. പി.എ. ഇബ്രാഹിം ഹാജി, റജിസ്ട്രാർ ഡോ. പി.പി. മുഹമ്മദ് എന്നിവർ പ്രസംഗിച്ചു.